# കണ്ണൂർ സർവ്വകലാശാല

## (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യൂ., തീയതി:24.06.2025

**പ്രസിദ്ധീകരണത്തിന്**

### ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കാം

2025 ഏപ്രിൽ മാസം വിജയകരമായി ബിരുദം പൂർത്തിയാക്കിയ (2022അഡ്മിഷൻ) അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഡിഗ്രിസർട്ടിഫിക്കറ്റിന് 2025 ജൂലൈ 1 മുതൽ അപേക്ഷിക്കാവുന്നതാണ്. പുനർ മൂല്യ നിർണ്ണയം / ഇംപ്രൂവ്മെന്റ് റിസൾട്ട് എന്നിവ ഫൈനൽ ഗ്രേഡ് കാർഡിൽ ചേർക്കാൻബാക്കിയുള്ളവർ സർട്ടിഫിക്കറ്റിന് അപേക്ഷിക്കാൻ പാടില്ല. അപേക്ഷ സമർപ്പിക്കുമ്പോൾ ഒറിജിനൽ ഗ്രേഡ് കാർഡ് അപ് ലോഡ് ചെയ്യുണ്ടതാണ് .വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന പകർപ്പ് സ്വീകാര്യമല്ല. ABC ID ഇതുവരെ ഉണ്ടാക്കാത്ത വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുമുന്പായി അവരുടെ ABC ID ഉണ്ടാക്കുകയും അവ അപേക്ഷയിലെ നിർദ്ദിഷ്ടകോളത്തിൽ ചേർക്കുകയും വേണം.

സർവകലാശാലവെബ്സൈറ്റിൽ(www.kannuruniversity.ac.in)സർട്ടിഫിക്കറ്റ്പോർട്ടലിൽ കൊടുത്ത നിർദ്ദേശങ്ങൾ പൂർണമായും വായിച്ച് മനസിലാക്കിയശേഷം അപേക്ഷ സമർപ്പിക്കേണ്ടതാണ്

### ടൈം ടേബിൾ

01.07.2025 ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ ബിരുദാനന്തര ബിരുദം (റെഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് ) ഏപ്രിൽ 2025 പരീക്ഷകളുടെ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

### ഓൺലൈൻ പരിശീലന പരിപാടി

സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെയും പഠന വകുപ്പുകളിലെയും ബിരുദാനന്തര ബിരുദ പരീക്ഷകളുടെ മൂല്യനിർണ്ണയം ഓൺസ്ക്രീൻ വഴി നടപ്പാക്കുന്നതിന് മുന്നോടിയായുള്ള ഓൺലൈൻ പരിശീലന പരിപാടി 25.06.2025 (ബുധൻ) ഉച്ചക്ക് 2 മണിക്ക് നടക്കും. ഇതിനാവശ്യമായ ഓൺലൈൻ ലിങ്ക് പ്രിൻസിപ്പൽമാരുടെ/ വകുപ്പ് തലവൻമാരുടെ ഇ-മെയിലിൽ ഷെയർ ചെയ്യുന്നതാണ്. ഓൺസ്ക്രീൻ മൂല്യനിർണ്ണയം ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇ-മെയിൽ മുഖേന സ്ഥാപനമേധാവികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രിൻസിപ്പൽമാർ, ചീഫ് സൂപ്രണ്ടുമാർ, പഠന വകുപ്പ് തലവൻമാർ നിർബന്ധമായും ഓൺലൈൻ യോഗത്തിൽ പങ്കെടുക്കണമെന്ന് പരീക്ഷാകൺട്രോളർഅറിയിച്ചു

**<u>പ്രായോഗികപരീക്ഷകൾ</u>**

അവസാന വർഷ ബി.കോം/ബി.ബി.എ ഡിഗ്രി (വിദൂരവിദ്യാഭ്യാസം - സപ്ലിമെൻററി/മേഴ്സി ചാൻസ്) മാർച്ച്, 2025 പരീക്ഷകളുടെ ഭാഗമായ പ്രായോഗിക പരീക്ഷകൾ 2025 ജൂലൈ 04 ന് കണ്ണൂർ എസ് എൻ കോളേജിൽ വെച്ച് നടക്കുന്നതാണ്.

വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-

അസിസ്റ്റന്റ് രജിസ്ട്രാർ I

പരീക്ഷാ വിഭാഗം